**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 98** **27-07-2021 - ൽ മറുപടിയ്ക്ക്**

**കായിക രംഗത്തെ അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".<br>ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കിയിരുന്നു. തുടർന്ന് സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യയിൽ നിന്നും ഒഴിവാക്കി ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ് മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9റൂറൽ സ്പോർട്സ് കോച്ചിംഗ് |

സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു.
കായികയുവജനകാര്യാലയം മുഖേന കുട്ടികൾക്ക് ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സ്പ്ലാഷ്, ബാസ്കറ്റ് ബോളിന് ഹൂപ്സ്, അത്ലറ്റിക്സിന് സ്പ്രിന്റ് എന്നിങ്ങനെ പ്രത്യേക പരിശീലന പരിപാടികൾ നടത്തുന്നു. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം നടന്നു വരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലെൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പോർട്സ് സ്കൂളുകളിൽ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിനായി ബയോപ്സി ടെസ്റ്റ് നടത്തുന്നു. ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ഇപ്പോൾ എട്ട് സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ നടത്തി വരുന്നു. മേൽ പറഞ്ഞ എല്ലാ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം-I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 58 പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം-II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9റ്ററൽ സ്പോർട്സ് കോച്ചിംഗ്

സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു.
കായികയുവജനകാര്യാലയം മുഖേന കുട്ടികൾക്ക് ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സ്പ്ലാഷ്, ബാസ്കറ്റ് ബോളിന് ഹൂപ്സ്, അത്ലറ്റിക്സിന് സ്പ്രിന്റ് എന്നിങ്ങനെ പ്രത്യേക പരിശീലന പരിപാടികൾ നടത്തുന്നു. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകൾ

| | | | |
|---|---|---|---|
| | | | ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം നടന്നു വരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലെൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പോർട്സ് സ്കൂളുകളിൽ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിനായി ബയോപ്സി ടെസ്റ്റ് നടത്തുന്നു. ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ഇപ്പോൾ എട്ട് സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ നടത്തി വരുന്നു. മേൽ പറഞ്ഞ എല്ലാ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം-I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 58 പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം-II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | കായിക രംഗത്തേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനു വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ പുരോഗതിയും അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കിയിരുന്നു. തുടർന്ന് സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യയിൽ നിന്നും ഒഴിവാക്കി ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ് മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, |

| | | | |
|---|---|---|---|
| | | | ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. കായികയുവജനകാര്യാലയം മുഖേന കുട്ടികൾക്ക് ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സ്പ്ലാഷ്, ബാസ്കറ്റ് ബോളിന് ഹൂപ്സ്, അത്‌ലറ്റിക്സിന് സ്പ്രിന്റ് എന്നിങ്ങനെ പ്രത്യേക പരിശീലന പരിപാടികൾ നടത്തുന്നു. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം നടന്നു വരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലെൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സ്പോർട്സ് സ്കൂളുകളിൽ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിനായി ബയോപ്സി ടെസ്റ്റ് നടത്തുന്നു. ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ഇപ്പോൾ എട്ട് സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ നടത്തി വരുന്നു. മേൽ പറഞ്ഞ എല്ലാ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം-I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 58 പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം-II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനത്തിന് സൗകര്യം ഒരുക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിനും കായികതാരങ്ങളെ ഏഷ്യൻ/ കോമൺവെൽത്ത്/ഒളിമ്പിക് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുന്നതിനും അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മികച്ച കായിക താരങ്ങളെ കണ്ടെത്തി അവർക്ക് ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പും അന്തർദേശീയ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് കിറ്റ് അലവൻസും അനുവദിച്ചു വരുന്നു. കായികയുവജനകാര്യാലയം മുഖേന അന്താരാഷ്ട്ര പ്രശസ്തിയുള്ള കായികതാരങ്ങളുമായി സംവാദം (ലെജന്റ് ടാക്ക് റ്റു യൂ) പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഡി) | പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്പോർട്സ് കേരള ലിമിറ്റഡിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | കായികയുവജനകാര്യാലയത്തിനു കീഴിൽ പ്രവർത്തിച്ചു വരുന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചുകൊണ്ട് "സ്പോർട്സ് കേരള ലിമിറ്റഡ്" എന്ന പൊതുമേഖല കമ്പനി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ പറയുന്നവയാണ്. a) സംസ്ഥാനത്തെ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ നിർമ്മാണം, പരിപാലനം, സൗകര്യ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംയോജിത മൂലധന നിർമ്മാണ, മാനേജ്മെന്റ് കമ്പനിയായി പ്രവർത്തിക്കുക b) സർക്കാർ അനുമതി നൽകിയതും നിലവിൽ കായിക എഞ്ചിനീയറിംഗ് വിംഗ് നടത്തുന്നതുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതല, കായികവകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ചുമതല. c) കായികയുവജനകാര്യാലയത്തിനു കീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ്, തിരുവനന്തപുരം കുമാരപുരം ടെന്നീ സ് അക്കാഡമി, തിരുവനന്തപുരം, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, തിരുവനന്തപുരം കായിക യുവജനകാര്യാലയത്തിനു കീഴിലുള്ള വിവിധ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ പരിപാലനവും നടത്തിപ്പും d) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികളുടെ ഉത്തരവാദിത്വം |

സെക്ഷൻ ഓഫീസർ

## അനുബന്ധം- II

### ഹൂപ്സ്

ലോകനിലവാരമുള്ള ബാസ്കറ്റ്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി സ്ക്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 21 ന് തിരുവനന്തപുരം തൈക്കാട് മോഡൽ ഹൈസ്ക്കൂളിൽ വെച്ച് നടത്തപ്പെട്ടു. കോവിഡ്-19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കിക്കോഫ് പരിശീലന പദ്ധതി താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. കായിക പരിശീലന പദ്ധതികൾ പുനരാംഭിക്കുന്നതിന് സർക്കാർ നിർദേശം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പുനരാംഭിക്കുന്നതാണ്.

### സ്പ്രിന്റ്

ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. ആദ്യ ഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുക. സ്ക്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് ഈ പദ്ധതിയിലൂടെ പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടപ്പ് സാമ്പത്തിക വർഷം നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

### പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്ക്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്ക്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന സ്ക്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തക്കളാണ്. പദ്ധതിക്ക് വേണ്ടിയുള്ള കായികോപകരണങ്ങളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതാണ്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2021

ജനുവരി 25ന് കണ്ണൂർ തളാപ്പ് മിക്സഡ് യു.പി. സ്കൂളിൽ വച്ച് നടത്തി. രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പ്ലേ ഫോർ ഹെൽത്ത്പരിശീലന പദ്ധതി താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. കായിക പരിശീലന പദ്ധതികൾ പുനരാംഭിക്കുന്നതിന് സർക്കാർ നിർദേശം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പുനരാരംഭിക്കുന്നതാണ്.

## കിക്കോഫ്

ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര/ഗ്രാമ പ്രദേശങ്ങളിലെയും, ഗിരിവർഗ്ഗ, കടൽത്തീരമേഖലകളിലെയും കുട്ടികളിൽ നിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കിക്കോഫ്. പ്രൈമറി സ്ക്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി.

ഓരോ സെന്ററിലും 25 കുട്ടികൾക്ക് വീതമാണ് പ്രസ്തുത പദ്ധതിയിലൂടെ പരിശീലനം നൽകുന്നത്. ആദ്യ ഘട്ടമായി സംസ്ഥാനത്ത് 19 സെന്ററുകളിലാണ് പദ്ധതി ആരംഭിച്ചത്. പ്രസ്തുത സെന്ററുകളിൽ പദ്ധതിയുടെ ആദ്യ ഘട്ടം പൂർത്തിയാകുകയും രണ്ടാം ഘട്ട പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികൾക്കു വേണ്ടി 14 സെന്ററുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനായി കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കോവിഡ്-19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കിക്കോഫ് പരിശീലന പദ്ധതി താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. കായിക പരിശീലന പദ്ധതികൾ പുനരാംഭിക്കുന്നതിന് സർക്കാർ നിർദേശം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പുനരാംഭിക്കുന്നതാണ്.

## സ്പ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്ക്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ്. പ്രാരംഭഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. എട്ട് വയസ്സ് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്ക്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. രക്ഷിതാക്കളുടെ സമ്മതപത്രം മാത്രമാണ് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡം.

## സ്പോർട്സ് എക്സ്-ലെൻസ്സ് ത്രൂ ഇൻർനാഷണൽ പാർട്ടണർഷിപ്പ്

കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായിക യുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സ്-ലെൻസ്സ് ത്രൂ ഇൻർനാഷണൽ പാർട്ടണർ ഷിപ്പ് വിജയകരമായി നടപ്പിലാക്കി വരുന്നു. പദ്ധതിക്കായി 2018ൽ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി കായിക യുവജനകാര്യാലയം ധാരണാപത്രം ഒപ്പു വെച്ചു .പദ്ധതിയുടെ ഭാഗമായി 2020-21 ൽ മാസ്റ്റർ ട്രൈനേഴ്സ് ട്രെയിനിങ് പ്രോഗ്രാം നടത്തി. സ്പോർട്സ് മാനേജ്മെൻറ്, സ്പോർട്സ് കോച്ചിംഗ്, ഇവൻറ് ഓർഗനൈസേഷൻ, കായികസൗകര്യങ്ങളുടെ പ്രവർത്തനം, സ്പോർട്സ് മാർക്കറ്റിംഗ്, കായിക ഇടപെടൽ എന്നീ വിഷയങ്ങളിലാണ് ട്രെയിനിംഗ് നടന്നത്.കേരള സ്പോർട്സ് കൗൺസിലിലെയും ജി വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലെ പരിശീലകർ, പൊതു വിദ്യാഭ്യാസ വകുപ്പിലെ കായിക അദ്ധ്യാപകർ, കായിക എഞ്ചിനീയറിംഗ് വിഭാഗത്തിലെ എൻജിനീയർമാർ എന്നിവർ ഉൾപ്പെടെ 20 പേർ പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പരിശീലന പരിപാടിയിൽ പങ്കെടുത്ത മാസ്റ്റർ ട്രൈനേഴ്സ് വഴി മറ്റ് പരിശീലകർക്ക് പരിശീലനം നൽകുന്നതിന് ലക്ഷ്യമിടുന്നു.

## സയൻസ് & ടെക്നോളജി അസസ്മെൻറ് ഓഫ് സ്ററുഡൻറ്സ്

ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക ക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂകേഷൻ ആൻഡ് റിസർച്ച് ഡീംഡ് യുണിവേഴ്സിറ്റിയും ഈ വകുപ്പുമായി കൂടിചേർന്ന് നടത്തുന്ന 1,55,55,000/- രൂപയുടെ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2019-20 ൽ ജി വി രാജാ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ കായികക്ഷമതാ പരിശോധന നടത്തി. 2020-21 സാമ്പത്തിക വർഷം 45,88,725/- രൂപ ടി പദ്ധതിക്കായി അനുവദിച്ചു നൽകി.ആദ്യ ടെസ്റ്റ് നടക്കുകയും ആയതിന്റെ റിപ്പോർട്ട് ഈ വകുപ്പില് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2020-21,2021-22 സാമ്പത്തിക വർഷം കോവിഡ് 19 കാരണം സ്കൂളുകൾ പ്രവർത്തിക്കാതിരുന്നതിനാൽ പരിശോധന നടത്താൻ സാധിച്ചിട്ടില്ല.

**<u>ബയോപ്സി ടെസ്റ്റ്</u>**

ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് ആവശ്യമായ ക്രയോസ്റ്റാറ്റ് ഉപകരണം 2020-21 സാമ്പത്തിക വർഷം വാങ്ങുകയും ആയത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉപകരണം വാങ്ങിയതിന് 19,22,576/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് ന് അനുവദിച്ചു നൽകി. 2021-22 ൽ ടി ഉപകരണത്തിനു വേണ്ടിയുള്ള റീഏജന്റ്സ് വാങ്ങിക്കുന്നതിനും കോവിഡ് 19 ശേഷം കുട്ടികളെ ലഭ്യമാകുന്നതനുസരിച്ച് ടെസ്റ്റ് നടത്തുന്നതിനും ലക്ഷ്യമിടുന്നു.

അനുബന്ധം - 2

കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന 58 സ്റ്റേഡിയങ്ങളിൽ നിർമ്മാണം പൂർത്തിയാക്കിയ / നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | കിഫ്ബി അംഗീകരിച്ച തുക (കോടിയിൽ) | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|
| ജില്ലാ സ്റ്റേഡിയം (14 എണ്ണം) | | | | |
| 1 | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 58.47 | 58.44 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 42% പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 40 | 41.77 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 55% പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 | 70.56 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 69% പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 42.19 | 36.98 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 30.59 | ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. |
| 6 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 48.18 | 42.27 | പദ്ധതിയുടെ റീ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| 7 | പത്തനംതിട്ട ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 40 | 45.48 | കിഫ്ബി അംഗീകാരത്തിനായി ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. |
| 8 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | 40 | 33.85 | പദ്ധതിയുടെ റീ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 9 | ഇടുക്കി കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | 40 | 47.41 | പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| 10 | മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | 45 | 71.27 | പദ്ധതി പ്രദേശം പുനർ നിർണ്ണയിച്ചതിനാൽ പുതുക്കിയ ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| 11 | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | 40 | 48.61 | പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| 12 | കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | 60 | - | എസ്.പി.വി ആയ കിറ്റ്കോ ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| 13 | കോട്ടയം സൂസൻ മേബിൽ തോമസ് ഇൻഡോർ സ്റ്റേഡിയം | 38.19 | - | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| 14 | പാലക്കാട് കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | 40 | - | സ്റ്റേഡിയം നിർമ്മാണത്തിനായി സ്ഥലം ലഭ്യമായിട്ടില്ല |
| പഞ്ചായത്ത് കളി സ്ഥലം - ബഡ്ജറ്റ് 2016-17 (33 എണ്ണം) | | | | |
| 1 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം | 20.76 | 17.04 | ഒന്നാം ഘട്ടത്തിൽ സ്വിമ്മിംഗ്പൂൾ, ഫുട്ബോൾ ടർഫ്, പവിലിയൻ ബിൽഡിംഗ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. രണ്ടാം ഘട്ട പ്രവൃത്തികളായ സിന്തറ്റിക് ട്രാക്ക്, വോളീബോൾ കോർട്ട് എന്നിവയുടെ നിർമ്മാണം 75% പൂർത്തിയാക്കിയിട്ടുണ്ട്. |
| 2 | വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) | 18.73 | 18.67 | ഫുട്ബോൾ ടർഫ്, പവലിയൻ ബിൽഡിംഗ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണം 65% പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം | 15.69 രണ്ട് പദ്ധതികൾക്കായി | 6.82 | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്.എസ്.എസ്. | | 8.87 | ഫുട്ബോൾ ടർഫ് (1 -ാം ഘട്ടം) നിർമ്മാണം പൂർത്തിയാക്കി സിന്തറ്റിക് ട്രാക്ക് (2 -ാം ഘട്ടം) നിർമ്മാണം 90% പൂർത്തിയായിട്ടുണ്ട്. |
| 5 | കൊടുമൺ സ്റ്റേഡിയം | 15.86 | 14.10 | 1 -ാം ഘട്ട നിർമ്മാണ പ്രവൃത്തികളായ ഫുട്ബോൾ ഗ്രൗണ്ട്, അഡ്മിൻ ബ്ലോക്ക്, ടോയ്‌ലെറ്റ് ബ്ലോക്ക്, ചെയിഞ്ച് റൂം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. 2 -ാം ഘട്ടത്തിൽ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, വോളീബോൾ കോർട്ട്, ബാസ്ക്കറ്റ് ബോൾ കോർട്ട് എന്നിവയുടെ നിർമ്മാണം 60% പൂർത്തീകരിച്ചിട്ടുണ്ട് |
| 6 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | 5 | 5.49 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 90% പൂർത്തീകരിച്ചിട്ടുണ്ട്. |
| 7 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | 5 | 5.34 | പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 8 | നിലമ്പൂർ മിനി സ്റ്റേഡിയം | 17.26 | 18.30 | പവലിയൻ കെട്ടിടത്തിന്റേയും ഫുട്ബോൾ ടർഫിന്റേയും (1 -ാം ഘട്ടം) നിർമ്മാണം പൂർത്തിയാക്കി സിന്തറ്റിക് ട്രാക്ക് (2 -ാം ഘട്ടം) നിർമ്മാണം നടന്നു വരുന്നു. ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ്പൂൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കേണ്ടതായുണ്ട്. |

| | | | | |
|---|---|---|---|---|
| 9 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | രണ്ട് പദ്ധതികൾക്കായി 14.17 | 5.75 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 90% -ും, സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾ 30% -ും പൂർത്തീകരിച്ചിട്ടുണ്ട്. |
| 10 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം | 13.20 | 13.05 | പവലിയൻ കെട്ടിട നിർമ്മാണം (1 -ാം ഘട്ടം) പൂർത്തിയാക്കിയിട്ടുണ്ട്. സിന്തറ്റിക് ട്രാക്ക് (2 -ാം ഘട്ടം) നിർമ്മാണം 70% പൂർത്തിയായിട്ടുണ്ട്. |
| 11 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | 5 | 9.58 | പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 12 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. | 14.35 | 5.54 | സ്വിമ്മിംഗ്പൂൾ നിർമ്മാണം (1 -ാം ഘട്ടം) പൂർത്തിയാക്കിയിട്ടുണ്ട്. ഫുട്ബോൾ ടർഫിന്റെ നിർമ്മാണം (2 -ാം ഘട്ടം) 85% പൂർത്തീകരിച്ചിട്ടുണ്ട്. |
| 13 | ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി | 4.97 | പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 14 | മട്ടന്നൂർ സ്റ്റേഡിയം | 5 | 4.12 | പവലിയൻ കെട്ടിട നിർമ്മാണം (1 -ാം ഘട്ടം) പൂർത്തിയാക്കിയിട്ടുണ്ട്. ഫുട്ബോൾ ടർഫിന്റെ നിർമ്മാണം (2 -ാം ഘട്ടം) നടന്നു വരുന്നു. |
| 15 | നെടുങ്കണ്ടം സ്റ്റേഡിയം | 5 | 9.40 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. |
| 16 | നടുവണ്ണൂർ വോളീബോൾ അക്കാദമി | 10.63 | 9.262 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. |
| 17 | താനൂർ സ്റ്റേഡിയം | 19.14 | 10.07 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 40% പൂർത്തീകരിച്ചിട്ടുണ്ട്. |
| 18 | പുല്ലൂരാംപാറ തിരുവമ്പാടി | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 6.113 | പദ്ധതിയുടെ റീ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 19 | ജി.വി. രാജ സെന്റർ ഫോർ എക്സലൻസ് | 30 | 56.19 | പദ്ധതിയുടെ റീ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| 20 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അരൂർ | 16.83 | 7.67 | പദ്ധതി ടെണ്ടർ ചെയ്യേണ്ടതുണ്ട്. |
| 21 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 4.932 | കോളയാട് ഗ്രാമപഞ്ചായത്തിന്റെ ഇപ്പോഴത്തെ ഭരണസമിതി പ്രസ്തുത സ്ഥലത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള വിസമ്മതം പദ്ധതിയുടെ എസ്.പി.വി ആയ കിറ്റ്കോയെ അറിയിച്ചിട്ടുണ്ട്. ടി സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി കോളയാട് ഗ്രാമ പഞ്ചായത്ത് അധികൃതരെ ഉൾപ്പെടുത്തി യോഗം ചേരേണ്ടതുണ്ട്. |
| 22 | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ് | 10 | 8.34 | പട്ടാമ്പി കോളേജ് കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്യുന്നതാണ്. |
| 23 | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | 12.77 | 14.094 | പൊന്നാനി നഗരസഭ കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതുണ്ട്. പദ്ധതിക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 24 | അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | -- | കോളേജ് കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതുണ്ട്. |

| | | | | |
|---|---|---|---|---|
| 25 | കോതമംഗലം ചേലാട് സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 15.83 | നിർമ്മാണ പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| 26 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | 5 | 10.81 | പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് സാങ്കേതിക സമിതി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. |
| 27 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി | -- | കിഫ്ബി അംഗീകാരത്തിനായി ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. |
| 28 | ആലപ്പുഴ റോവിംഗ് ട്രാക്ക് | 10 | -- | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| 29 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | 13.32 | 9.69 | നഗരസഭ ഭൂമി കൈമാറ്റം ചെയ്യുന്ന മുറയ്ക്ക് സർക്കാർ അനുമതിയോടു കൂടി പദ്ധതിയുമായി മുന്നോട്ടു പോകുന്നതാണ്. |
| 30 | എളങ്കുന്നപ്പുഴ സാന്താക്രൂസ്സ് ഗ്രൗണ്ട്. | 5 | -- | സ്ഥലം സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ പദ്ധതി ഉപേക്ഷിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 31 | കൊറ്റൻകര മിനി സ്റ്റേഡിയം | – | -- | പദ്ധതിക്കനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ കുലശേഖരപുരത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിരുന്നു. സ്ഥലം സംബന്ധിച്ച് വിവരങ്ങൾ കൈമാറുന്നതിന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 32 | കണ്ണൂർ ജവഹർ സ്റ്റേഡിയം | 11.10 | 10.64 | കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് കോർപ്പറേഷൻ തയ്യാറാകാത്തതിനാൽ പദ്ധതി നടപ്പിലാക്കേണ്ടതില്ലാ എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| 33 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം | 14.17 രണ്ട് പദ്ധതികൾക്കായി | 8.62 | നഗരസഭ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| **പഞ്ചായത്ത് കളി സ്ഥലം - ബഡ്ജറ്റ് 2017-18 (11 എണ്ണം)** | | | | |
| 1 | പറളി സ്കൂൾ, പാലക്കാട് | 10 | 6.937 | സ്വിമ്മിംഗ് പൂൾ, ഫുട്ബോൾ ടർഫ് (ഒന്നാം ഘട്ടം) എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. സിന്തറ്റിക് ട്രാക്കിന്റെ പ്രവൃത്തികൾ 95% പൂർത്തിയാക്കിയിട്ടുണ്ട്. |
| 2 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | 5.634 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| 3 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് | 10 | 6.446 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്. |
| 4 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | 10 | 7.05 | കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് മുനിസിപ്പാലിറ്റി തയ്യാറാകാത്തതിനാൽ പദ്ധതി നടപ്പിലാക്കേണ്ടതില്ലാ എന്ന് സർക്കാർ |

| | | | | |
|---|---|---|---|---|
| | | | | നിർദ്ദേശിച്ചിട്ടുണ്ട് |
| 5 | വടകര ഇൻഡോർ സ്റ്റേഡിയം. കോഴിക്കോട് | 10 | 16.29 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 32% പൂർത്തീകരിച്ചിട്ടുണ്ട്. |
| 6 | ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | 10 | | |
| 7 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ | 10 | 13.10 | നിർമ്മാണ പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ് |
| 8 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | | |
| 9 | ഫറൂഖ് ഗണപതി സ്കൂൾ, കോഴിക്കോട് | 10 | 6.71 | പദ്ധതിക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.റിപ്പോർട്ട് സമർപ്പിക്കാൻ എസ്.പി.വിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| 10 | മട്ടന്നൂർ സ്വിമ്മിംഗ് പൂൾ | 20 | -- | കിഫ്ബി അംഗീകാരത്തിനായി പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 11 | തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ് | 5 | -- | പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് എസ്.പി.വിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |